പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 186 | 10.06.2013 ൽ മറുപടിക്ക്

## നെടുമ്പാശ്ശേരി മനുഷ്യക്കടത്ത് കേസിന്റെ അന്വേഷണം

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

„ രാജു എബ്രഹാം

„ പി.റ്റി.എ. റഹീം

„ കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) നെടുമ്പാശ്ശേരി മനുഷ്യക്കടത്ത് കേസിന്റെ അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; അന്വേഷണം ദേശീയ അന്വേഷണ ഏജൻസിയെ ഏൽപിക്കണമെന്ന ഹൈക്കോടതി നിരീക്ഷണത്തിൽ തുടർ നടപടി സ്വീകരിക്കുകയുണ്ടായോ;

(എ) നെടുമ്പാശ്ശേരി മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട കേസുകൾ ഇപ്പോൾ ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്. പ്രസ്തുത കേസുകൾ സി.ബി.ഐ. യെ ഏൽപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(ബി) രാജ്യസുരക്ഷയെ ബാധിക്കുന്ന പ്രശ്നത്തിൽ അലംഭാവം കാട്ടുന്നതിനെതിരെ കടുത്ത നടപടി സ്വീകരിക്കേണ്ടിവരുമെന്ന് ഹൈക്കോടതിക്ക് ഓർമ്മിപ്പിക്കേണ്ടിവന്ന സാഹചര്യം എന്തായിരുന്നു;

(ബി) ഇത്തരത്തിലൊരു പരാമർശം ബഹു: കേരള ഹൈക്കോടതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത് സംബന്ധിച്ച കേസിൽ ഹൈക്കോടതിക്ക് സർക്കാർ നൽകിയ ഉറപ്പ് എന്തായിരുന്നു; അതനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) മേൽപ്പറഞ്ഞ കേസുകൾ സി.ബി.ഐ.ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നു. അത് പ്രകാരം പ്രസ്തുത കേസുകൾ സി.ബി.ഐ. യെ ഏൽപ്പിക്കുന്നതിന് 23.04.2013 തീയതി സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ